പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5502

25.10.2011 -ൽ മറുപടിയ്ക്ക്

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിനെ എൻഫോഴ്സ്മെന്റ്, മിനിസ്റ്റീരിയൽ എന്നിങ്ങനെ തരംതിരിച്ച് പുന:സംഘടിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ലീഗൽ മെട്രോളജി വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന് ഏതെങ്കിലും കമ്മിറ്റിയോ ഏജൻസിയോ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് പറയാമോ ; | (ബി) 1998-2000 വർഷത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ചെയർമാനായ പബ്ളിക് അക്കൌണ്ട്സ് കമ്മിറ്റിയും, 2007 -ൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച അഡീഷണൽ ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ.ടി.തങ്കപ്പൻ ഐ.എ.എസ് -ഉം, 2010 -ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠനത്തിലും വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) ലീഗൽ മെട്രോളജി വകുപ്പിൽ ജീവനക്കാരുടെ കുറവ് റവന്യൂ സമാഹരണം, ഉപഭോക്തൃ സംരക്ഷണം, വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ